

# ജാലകക്കാഴ്ച്ചകൾ

## സെൻറ് ജോസഫ്സ് ജി എച്ച് എസ്
## മുണ്ടക്കയം

# ജാലകക്കാഴ്ച്ചകൾ

## DIGITAL MAGAZINE

## ST.JOSEPHS GIRLS H S

MUNDAKAYAM


ST:JOSEPH'S
GIRLS HIGH SCH OL MUNDAKA



# ഉള്ളടക്കം

എഡിറ്റോറിയൽ ..................................................
ഓർമ്മനിലാവ് ....................................................
കൂട്ട് പകരുന്ന ബലം..............................................
നഷ്ടസ്വപ്നങ്ങൾ ...................................................
യാത്രാവിവരണം....................................................
ഭൂമിക്ക തണലായ് ................................................
വിറപ്പിച്ചു കൊറോണ ............................................
അമ്മയെന്ന നഷ്ടസ്വപ്നം .........................................
ഗാന്ധിയൻ ആദർശങ്ങളുടെ പ്രസക്തി ..................
നവകേരളം ..........................................................
ഓർമ്മപ്പെടുത്തൽ ..................................................
നവമാധ്യമങ്ങൾ ഇന്നത്തെ സമൂഹത്തിൽ.................
ഗൗരിയുടെ വിശേഷങ്ങൾ...........................................
ധാന്യ ക്വിസ് ............................................................
എന്റെ നാട് കേരളം ...............................................
കേരളത്തിന്റെ കലകൾ ..........................................

**Because I am a Girl , only a Girl..............................**
**Don’t Change the World...........................................**
**In the Air of Freedom ..............................................**
**Freedom ..................................................................**
**Mother Nature .........................................................**

# എഡിറ്റോറിയൽ

ഒരു ലക്ഷത്തിലധികം വിദ്യാർത്ഥി അംഗങ്ങളെ ഉൾക്കൊള്ളുന്ന കൈറ്റിന്റെ സവിശേഷമായ ഒരു സംരംഭമാണ് 'ലിറ്റിൽ കൈറ്റ്സ് '.രാജ്യത്തെ ഏറ്റവും വലിയ സ്റ്റുഡന്റ് ഐ.ടി സംഘടനയായ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ കുട്ടികളുടെ കലാപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ഡിജിറ്റൽ മാഗസിനുകൾ തയ്യാറാക്കുന്നു. സ്വതന്ത്രമായ ചിന്തയ്ക്കും സർഗാത്മകാവിഷ്കാരത്തിനും ആധുനിക സാങ്കേതികവിദ്യ എപ്രകാരം ഉപയോഗപ്പെടുത്താമെന്നതിന്റെ ഉദാഹരണം കൂടിയാണിത്. ഇത് വഴി ഈ മേഖലയിലേയ്ക്ക് ഒരു പൊൻതൂവൽ കൂടി ചാർത്തപ്പെടുന്നു. ഡിജിറ്റൽ ലൈസേഷന്റെ പിന്നാലെ പായുന്ന ആധുനിക തലമുറയ്ക്ക് ഈ കൊച്ചുകൂട്ടുകാരുടെ ഒരു എളിയ സമ്മാനം.

വരയും,വാക്കും,വരികളുമായി ഈ സംരംഭത്തിന് പിന്തുണയേകിയ എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു. ഏവർക്കും സൗഹൃദത്തിന്റെയും കൂട്ടായ്മയുടെയും നല്ലകാലം

# ആശംസിച്ചുകൊണ്ട് ഞങ്ങളുടെ ഡിജിറ്റൽ മാഗസിൻ 'ജാലകക്കാഴ്ചകൾ' സമർപ്പിക്കുന്നു.

# ഓർമ്മനിലാവ്

ഓർമ്മയായ് മറയുമാക്കാലത്തിൽ
മധുരമാം നറുങ്ങുകഥകൾ
വീണ്ടെടുക്കാനാവാത്ത കാലത്തിൻ
മോഹങ്ങൾ...
നീറുമൊരോർമ്മയായ് മനസ്സിൽ
മുഴങ്ങീടവേ...
നിശ്ചലയായ് നിന്നു ഞാ-
നോർക്കുന്നാദ്ദിനങ്ങൾ
മൂകയായി, വികാരനിർഭരയായി
തേടുന്നു ഞാനെന്റെ സഫലമോഹങ്ങ-
ളെങ്കിലും മനമാകെ നിറയുന്നതീ നഷ്ടമോഹങ്ങൾ
രാപ്പക്ഷി പാടുന്നു നോവിന്റെ ഈണം
നിലാവിന്റെ മാറ്റൊലി നിറഞ്ഞിരുന്നു
എങ്കിലും, എൻ മനമാകെ
അമാവാസിയുടെ ഇരുൾമൂടി
കാലവും മാറി, എൻ ജീവിതവും മാറി
ഒടുവിലാ ബാല്യവും വിടവാങ്ങി,
ബാല്യമേ, നീയൊരു നഷ്ടമായ്,
നഷ്ടസ്വപ്നമായ് പ്രതിധ്വനിച്ചീടവേ
ഇരുളടഞ്ഞ    മനസ്സോടെ
മയക്കത്തിലാണ്ടു ഞാൻ.

-Greeshma Reji

# കൂട്ട് പകരുന്ന ബലം

ലേഖനം

പ്രകൃതികൊണ്ട് ഏറ്റവും അനുഗ്രഹീതമെന്ന് നമ്മൾ അഹങ്കരിച്ചിരുന്ന നാടിനെ പ്രകൃതി തന്നെ വേട്ടയാടിയ ദിവസങ്ങളിലൂടെയായിരുന്നു 2018-19 ലെ പേമാരിയിലൂടെ നമ്മൾ സഞ്ചരിച്ചത്. സംഹാരതാണ്ഡവുമാടി കലിതുള്ളിയ പ്രളയത്തിൽ പൊലിഞ്ഞത് 483 ജീവനുകളാണ്. ആ പ്രളയം നമുക്ക് സമ്മാനിച്ചത് തോരാസങ്കടവും തീരാദുരിതവുമാണ്. കേരളം നേരിട്ട മഹാപ്രളയം നമ്മളെയെല്ലാം തളർത്തിയപ്പോഴും ഒരുമയോടെ ആ പ്രളയത്തെ നമ്മൾ അതിജീവിച്ചു. അന്യജീവനുവേണ്ടി സ്വജീവിതം അർപ്പിച്ചുകൊണ്ട് തുനിഞ്ഞിറങ്ങിയ അനേകായിരം കടലിന്റെ മക്കളായിരുന്നു ആ ദുരന്തത്തിൽനിന്ന് നാമോരോരുത്തരേയും കരകയറ്റിയത്.

തളർന്നു പോകുമെന്നു കരുതിയിടത്തെല്ലാം കൂടിച്ചേരലിന്റെ ബലം അവിശ്വസനീയമായ ആത്മവിശ്വാസം നല്കും. ഒറ്റയ്ക്കു നിൽക്കുമ്പോഴുള്ള ബലഹീനത ഒരുമിച്ചു നിൽക്കുമ്പോൾ കരുത്തായി മാറും. എല്ലാം അവസാനിച്ചു എന്നു കരുതുന്നിടത്തെല്ലാമാണ് പല പുതിയ മുന്നേറ്റങ്ങളും

ആരംഭിക്കുന്നത്. തകരാത്ത ആത്മവിശ്വാസത്തിനു മുന്നിൽ തകരുന്നതാണ് എല്ലാ പ്രളയവും പ്രതിസന്ധിയും.

പ്രകൃതിദുരന്തങ്ങൾ നാം നേരിടുകതന്നെ ചെയ്യണം. എന്നാൽ പ്രകൃതിയെ വേദനിപ്പിച്ചുകൊണ്ട് നാം നേടുന്ന എന്തിനും വലിയ വില നൽകേണ്ടിവരുമെന്ന പാഠമുൾക്കൊണ്ട്, നമ്മുടെ പ്രകൃതിചൂഷണ മാർഗങ്ങളെ അടിമുടി പുനഃപരിശോധിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

**- ഗോപിക സതീഷ്**



# നഷ്ട സ്വപ്നങ്ങൾ

പിന്നെയും ഓർക്കമാനാളുകൾ
പൊലിഞ്ഞുപ്പോയൊരാന്നാളുകൾ
ജീവിതത്തിന്റെ ആഴങ്ങളിൽ തട്ടി തട്ടി
പൊലിഞ്ഞുപ്പോയൊരാന്നാളുകൾ.



അമ്മതൻ സ്നേഹവു ഏട്ടൻതൻ
വാത്സല്യവും അനിയന്റെ കുറുമ്പും
എന്നമെൻ മനസ്സിൻ
കിളിരോർമ്മയായ് മറയുന്നു.

നിന്നെ ഞാൻ തേടുന്ന ലോകമെന്നും
നിന്നെ ഞാൻ കണ്ടീലാ ലോകത്തങ്ങും
ആണ്ടറുതികൾ വന്നു പോയി
എവിടെയും കണ്ടീലാ നിന്റെ രൂപം

പാരിലെവിടെ നിന്റെ രൂപം
എവിടേയും കേട്ടീലാ നിന്റെ രാഗ
ഇന്നു നീ എവിടേന്നറീലാ
നാളെ നീ എന്നരികിലുണ്ടെന്ന
പ്രതീക്ഷയായ് ജീവിപ്പു ഞാൻ

Nishana A.P 9C

# യാത്രാവിവരണം (ശിവഗിരി)

മനോഹരമായ പ്രകൃതി ഭംഗിയാൽ നിറഞ്ഞ സ്ഥലമാണ് ശിവഗിരി. അവിടെ ധാരാളം തീർത്ഥാടകർ എന്നും എത്തിച്ചേരുന്നു. ഞങ്ങൾ എല്ലാവരും ഗുരുവിന്റെ സന്നിധിയിൽ എത്തിച്ചേർന്നു. അവിടെ ഗുരുവിന്റെ വിശ്രമമുറിയും സമാധിമണ്ഡപവും നടന്നു കണ്ടു. അവിടെയെത്തുന്ന ഭക്തജനങ്ങൾക്ക് ഭക്ഷണം കഴിക്കുന്നതിനും വിശ്രമിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഉണ്ടയിരുന്നു. ഞങ്ങൾ അവിടെ നിന്ന് പ്രഭാത ഭക്ഷണം കഴിച്ചു. അവിടുത്തെ കടകളും ബുക്സ്റ്റാളുകളും കണ്ടു.ബുക്സ്റ്റാളിൽ നിന്നും പ്രാർത്ഥന പുസ്തകൾ വാങ്ങി.

അവിടെ നിന്നും ഞങ്ങൾ ഗുരുവിന്റെ ജന്മസ്ഥലമായ വയൽവാരം വീട്ടിലേയ്ക്ക് തിരിച്ചു. ഗുരുവിന്റെ ഭവനം പഴയതുപോലെ നിലനിർത്തിയിരുന്നു. ഓലമേഞ്ഞ മേൽക്കൂരയും ചാണകം തേച്ച ഭിത്തിയും തറയും പഴമയെ നിലനിർത്തിയിരുന്നു. അവിടെ ഗുരു സഞ്ചരിച്ചിരുന്ന റിക്ഷാവണ്ടിയും കണ്ടു. വളരെ വൃത്തിയായി ഭംഗിയായും



ആ വീട് സംരക്ഷിക്കുന്നു.

പിന്നീട് ഞങ്ങൾ പാപനാശിനി കാണാൻ പോയി. ഇവിടെയാണ് ഹിന്ദുക്കൾ എല്ലാവരും മരിച്ച ആത്മാക്കൾക്ക് ബലിതർപ്പണത്തിന് എത്തുന്നത്. ഞങ്ങൾ ക്ഷേത്രത്തിൽ പോയി തൊഴുതു. അത് ഒരു പുരാതനമായ ക്ഷേത്രമായിരുന്നു. ക്ഷേത്രത്തിന്റെ കൊത്തുഭംഗികളും കണ്ട് ഞങ്ങൾ നടന്നു. പിന്നീട് കടൽ കാണാൻ പോയി. നല്ല വെയിലത്ത് കടൽത്തീരത്തു കൂടി ഐസ്ക്രിം കഴിച്ച് നടന്നു.

അവിടെ നിന്നും മരുത്വാമല കാണാൻ പോയി. ഗുരുദേവൻ തപസ്സിരുന്ന മലയാണത്. അവിടെ കയറി ഗുരു തപസിരുന്ന ഗുഹകണ്ടു. ഞങ്ങൾ തിരികെ വീട്ടിലേക്ക് തിരിച്ചു. വീട്ടിലെത്തിയപ്പോൾ നേരം വെളുക്കാറായിരുന്നു.

-Athulya K.R

# ഭൂമിക്കു തണലായ്



സ്നേഹം പോലെ വേറെയൊരനുഭൂതി
ഭുവിൽ വേറെയിനിയില്ലെന്നാകിലായ്
നാളിതുവരെ സ്നേഹത്തിൻ മുൻപിലായ്
കീഴടങ്ങുമീ ഭുവിലെല്ലാരുമേ
തൻകുളിർകോരിയെത്തുന്ന കാറ്റായി
ഉന്മേഷമായനുഭൂതിയേകുന്ന

ചാറ്റലാം മഴയായുമിളംവെയി-
ലായുമെത്തുന്ന സ്നേഹമെങ്ങെങ്ങുമേ
ജാതിവർഗ്ഗ മതഭേദമന്യോന്യം
വേർതിരിക്കാതൊരു വിണ്ണുപോലവേ
ഭുവിൽ ചേതനയുള്ളവയെല്ലാമീ
മുല്ലവള്ളിപോൽ തീർക്കുന്ന സ്നേഹത്തെ

ഹൃദയസ്പന്ദനമാകുന്നതീ സ്നേഹം.
മനസ്സിൽ സൂനങ്ങൾ സൃഷടിപ്പതും സ്നേഹം
മറ്റുജീവനെ സ്നേഹിച്ച നമ്മുടെ
ജീവിതമെന്നും ധന്യമായ്ത്തീരട്ടെ
ആദിത്യൻ തന്നുടെ പ്രകാശം പോലെ
ഭൂമി തന്നുടെ ആയുസ്സ് പോലവെ.
സ്നേഹമെന്നെന്നും ഭൂമിക്ക് തണലായ്
ഭൂമി തന്നുടെ സ്നേഹത്തിനിതളായി.


- സാന്ദ്ര റ്റി സുനിൽ

# വിറപ്പിച്ച് കൊറോണ

ചൈനീസ് നഗരമായ വുഹാനിൽ പൊട്ടിപ്പുറപ്പെട്ട പുതിയ കൊറോണാ വൈറസ് ബാധ, ഇതിനകം ആറു ജീവനെടുത്തു കഴിഞ്ഞു. ചൈനയുടെ മറ്റു പ്രദേശങ്ങളിലും തായ്ലൻഡ് ,ജപ്പാൻ, ദക്ഷിണകൊറിയ, ഫിലിപ്പീൻസ് തുടങ്ങിയ രാജ്യങ്ങളിലും കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കൃത്യമായ മരുന്നുകളും വാക്സിനും കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ ഈ വൈറസും വലിയ അപകടകാരിയായി മാറിയേക്കാം എന്ന് ലോകാരോഗ്യ സംഘടനയുടെ മുന്നറിയിപ്പ്.

കൊറോണ വൈറസ് കുടുംബത്തിലെ 6 വൈറസുകൾ മാത്രമാണ് മനുഷ്യനെ ബാധിക്കുന്നത് .2012-ൽ സൗദി അറേബ്യയിൽ മെർസ്- കൊറോണ ( മിഡിൽ ഈസ്റ്റ് റെസ്പിറേറ്ററി സിൻഡ്രോം-കൊറോണ) വൈറസ് അങ്ങനെ ഒട്ടകങ്ങളിൽ നിന്നു മനുഷ്യനിലേക്കു പ്രവേശിച്ചു. തുടർന്ന് ഫ്രാൻസും ജർമനിയും ഈജിപ്റ്റും 27 രാജ്യങ്ങളിൽ കണ്ടെത്തിയ ഈ വൈറസ് ,അവ ബാധിച്ച 35% മനുഷ്യരുടേയും

മരണത്തിനു കാരണമായി. 2019 ന്റെ അവസാന നാളുകളിൽ ചൈനീസ് നഗരമായ വുഹാനിൽ നിന്നാരംഭിച്ച പുതിയ കൊറോണ വൈറസ് ബാധ, ഇതിനകം 1700 ൽ ഏറെ ആളുകളിലേക്ക് പടരുകയും ആറു പേരെ മരണത്തിലെത്തിക്കുകയും ചെയ്തുകഴിഞ്ഞു. തായ്ലൻഡ്, ജപ്പാൻ, ദക്ഷിണകൊറിയ, ഫിലിപ്പീൻസ് തുടങ്ങിയ രാജ്യങ്ങളിലും കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.



ശാസ്ത്രീയമായി പറഞ്ഞാൽ കൊറോണ വൈറിഡേ കുടുംബത്തിലെ ബീറ്റ കൊറോണ വൈറസിന്റെ ജനിതക രൂപരേഖയുമായി സാമ്യമുള്ളതാണ് പുതിയ ചൈനീസ് വൈറസ്. പനി, കടുത്ത ചുമ, അസാധാരണ ക്ഷീണം, ശ്വാസ്സതടസ്സം എന്നിവയാണ് മുഖ്യ ലക്ഷണങ്ങൾ. ന്യൂമോണിയയ്ക്കു പുറമേ പല രോഗികളിലും ശ്വാസകോശ നീർക്കെട്ടും കാണപ്പെടുന്നുണ്ട്. മുഖ്യമായി

മൃഗങ്ങളിൽ നിന്നാണ് പകരതെന്നു കണക്കാകപ്പെടുന്നുവെല്ലം മനുഷ്യനിൽ നിന്നു മനുഷ്യനിലേക്കു പകരാനുള്ള സാധ്യതയെക്കുറിച്ചും ഏറ്റവും ഒടുവിലത്തെ പത്രക്കുറിപ്പിൽ ലോകാരോഗ്യ സംഘടന ഓർമ്മിപ്പിക്കുന്നു.

കാലാവസ്ഥാ വ്യതിയാനം, വനനശീകരണം, പരിസ്ഥിതിയിൽ ഏൽപ്പിക്കുന്ന കടുത്ത ആഘാതങ്ങൾ, അശാസ്ത്രീയമായ മാലിന്യസംസ്കരണം, രോഗപ്രതിരോധ സംവിധാനത്തിലെ അപാരകതകൾ, രോഗാണുക്കളുടെ ജനിതകഘടനയിൽ വരുന്ന അപ്രതീക്ഷിത വ്യതിയാനങ്ങൾ,പ്രതിരോധ കുത്തിവയ്പുകൾ ക്കെതിരെയുള്ള വ്യാപകമായ അശാസ്ത്രീയ സമീപനങ്ങൾ, മനുഷ്യരുടെ രോഗപ്രതിരേധശേഷിയിൽ വരുന്ന അഭികാമ്യമല്ലാത്ത മാറ്റങ്ങൾ, മാറുന്ന സാമൂഹിക കാഴ്ച്ചപ്പാടുകൾ എന്നിവയൊക്കെ ഇത്തരം പുതിയ രോഗാണു ക്കളെ സൃഷ്ടിക്കുന്നതും സംക്രമിപ്പിക്കുന്നതും ഗുരുതര വെല്ലുവിളിയാണ്. കൃത്യമായ മരുന്നുകളും വാക്സിനും കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ പുതിയ വൈറസും വലിയ അപകടകാരിയായി മാറിയേക്കാം എന്ന് ലോകാരോഗ്യ സംഘടനയുടെ മുന്നറിപ്പ് ഇതോടു ചേർത്തു വായിക്കണം.



# അമ്മയെന്ന നഷ്ടസ്വപ്നം


നിത്യവും രാവിലെ തുടങ്ങുന്ന ജോലികൾ
ചന്ദ്രൻ മറയുവോളം നീളുന്ന ജോലികൾ
അടുക്കളയിലെ വിറകുകൊള്ളികൾ
സ്വയം എരിഞ്ഞു തീരുന്ന ജന്മം

ഇന്നാ അമ്മ തൻ ശവമഞ്ചമതിൽ
കാണുന്നു ഞാനാ മുറിവുകൾ
കേൾക്കുന്നു അമ്മതൻ സ്വരം
ദയാർഹമാം തേങ്ങലുകൾ

ഞങ്ങളുടെ സ്വപനങ്ങൾക്ക് ചിറകുവിരിക്കുവാൻ
തന്റെസ്വപ്നച്ചിറകുകൾ അടർത്തിമാറ്റി
ആ ചിറകാൽ ഞങ്ങൾക്ക് തണലേകി
ഞങ്ങൾക്കായി സ്വയം സമർപ്പിച്ച ജന്മം

ഇന്നാ അമ്മതൻ മുഖമതിൽ നോക്കവേ
കാണുന്നു ഞാനെൻ അമ്മതൻ സ്വപ്നങ്ങൾ
ഞങ്ങൾക്കുവേണ്ടി സ്വയം ഹോമിച്ച സ്വപ്നങ്ങൾ...
അമ്മതൻസ്വപ്നങ്ങൾ നഷ്ടസ്വപ്നങ്ങൾ

-ആൻമരിയാ ജോസഫ്



# ഗാന്ധിയൻ ആദർശങ്ങളുടെ പ്രസക്തി

ഉപന്യാസം

ഗാന്ധിജി എന്ന മഹാതേജസ്സ് നമ്മളെ വിട്ടുപോയിട്ട് വർഷങ്ങൾ ഏറെ കഴിഞ്ഞിരിക്കുന്നു.



എന്നിട്ടും അദ്ദേഹത്തിന്റെ ആദർശങ്ങൾ ചില വ്യക്തികളിലൂടെ മാത്രം നിലനിൽക്കുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ പൂർവാദ്യത്തിൽ അഖിലപ്രശസ്തി നേടിയിട്ടുള്ള മഹാന്മാരിൽ ഒരാളാണ് ഗാന്ധിജി. അശോകനും ശങ്കരാചാര്യനും മറ്റും അഗ്നി പകർന്ന മണ്ണിൽ ജ്വലിക്കുന്ന ശക്തിയായി മാറിയ വ്യക്തി. തന്റെ ജീവിതകാലത്ത് ഗാന്ധിജിക്ക് നോരിടേണ്ടി വന്ന പലകാര്യങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾക്കും ഉപദേശങ്ങൾക്കും പൊതുവിൽ കൊടുത്തിട്ടുള്ള പേരാണ് ഗാന്ധിസം. ജീവിതത്തിൽ നേരിട്ട പ്രതിബന്ധങ്ങളെ അഹിംസയുടെ ദിവ്യദീപ്തിയിൽ വീക്ഷിക്കുകയും ആ പ്രകാശത്തിലൂടെ അവയെ

വിലയിരുത്തുകയും ചെയ്തു എന്നതാണ് ഗാന്ധിസത്തിന്റെ പ്രത്യേകത.

ലോകത്തെ തന്റെ തറവാടായും സർവചരാചരങ്ങളെയും തന്റെ കുടുംബക്കാരായും ത്യാഗത്തെ നേട്ടമായും താഴ്മയെ ഉന്നതിയായും അദ്ദേഹം കണ്ടു. മണിമാല ചാർത്തിയാലും ചെളി പുരണ്ടാലും സമാനമായി കണ്ടു. അനുഭവങ്ങളെ അധ്യാപനമാക്കിയും ആയുധമില്ലാതെ യുദ്ധമാക്കിയും ഹിംസയുടെ ദോഷമില്ലാതെ യാഗങ്ങൾ നടത്തിയും ഔഷധമില്ലാതെ രോഗങ്ങൾ ശമിപ്പിച്ചുവാണ് അദ്ദേഹം മാതൃകയായത്. ലോകത്ത് ജീവിച്ചിരുന്ന പല ആത്മീയ ആചാര്യന്മാരുടേയും ആദർശപുരുഷന്മാരുടേയും തത്ത്വചിന്തകരുടേയും ജീവിതമൂല്യങ്ങൾ ഗാന്ധിജിയിലുണ്ടായിരുന്നു.

ആധുനികയുഗത്തിൽ ഗാന്ധിസത്തിന്റെ പ്രസക്തി എന്ന വിഷയം ഏറെ ചർച്ചകൾക്ക് വഴിതെളിച്ചിട്ടുണ്ട്. അസ്വസ്ഥമായ ഒരു ലോകാന്തരീക്ഷം ഈ ചർച്ചകൾക്കു വഴിതെളിക്കുന്നു. ഗാന്ധിജിയുടെ ആദർശങ്ങായ ശുചിത്വം, സത്യം, അഹിംസ തുടങ്ങിയവയെല്ലാം ദിനങ്ങൾ കഴിയുംതോറും പ്രസക്തി ആർജിക്കുന്നു. ഏതു മേഖലകളും അസത്യത്തിന്റെയും അഴിമതിയുടേയും കടന്നാക്രമണം കാണാൻ സാധാക്കും. രാജ്യത്തിന്റെ പുരോഗതിക്കായി പ്രവർത്തിക്കുകയാണെന്ന് വാദിക്കുന്ന രാഷ്ട്രീയക്കാരുടെ

കപടമുഖം അഴിഞ്ഞുവീഴുന്നത് ഒരു നിത്യകാഴ്ചയായി തീർന്നിരിക്കുകയാണ്. ഇവിടെയാണ് ഗാന്ധിജിയുടെ സത്യം എന്ന ആദർശത്തിന്റെ പ്രസക്തി.

ഗാന്ധിജി വിനയത്തിനു വലിയ പ്രാധാന്യം നൽകിയിരുന്നു. നാം ചവിട്ടിനടക്കുന്ന മണൽ തരിയേക്കാൾ വിനീതരാകണം നമ്മൾ എന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. വിനയമില്ലാത്ത ഒരു തലമുറയാണ് വളർന്നുവരുന്നത്. ലോകത്തിനാകെ ഇത് നാശമാണെന്ന് ഒരു നിമിഷം നാം ചിന്തിക്കണം.

എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്നു പറഞ്ഞ് ജീവിതത്തിൽ നിന്ന് നിരവധി കാര്യങ്ങൾ നമുക്ക് പഠിക്കാനുണ്ട്. ചുരുക്കി പറഞ്ഞാൽ ജീവിതത്തിന്റെ സമസ്ത മേഖലകളിലും ഗാന്ധീയൻ ആദർശങ്ങളുടെ പ്രസക്തി ഏറിവരുന്നു. നമുക്ക് ഒരുമിച്ച് അദ്ദേഹം പാദകൾ പിന്തുടരാം, ഒരു നവലോകം കെട്ടിപ്പെടുക്കുവാനായി.

-Anjana Soman

# നവകേരളം

നവകേരള സൃഷ്ടിക്കായ്
നാമെന്നായ് നിൽപ്പല്ലോ
മല തൊട്ടു വരച്ചൊരു ചരടിൽ
മഴ മേഘം കെട്ടു പിണഞ്ഞേ
കടലോളം നീണ്ട വഴിക്കാൻ
കര മാറിപ്രളയം വന്നേ
അടിവാരം മുങ്ങി മറഞ്ഞേ
തിരുവാതിൻ കൊട്ടിയടഞ്ഞേ
കലി തുള്ളിയ കുതി വെള്ളത്തിൽ
അലറും പുഴ നാടു നിറഞ്ഞേ
അതിവർഷം പെട്ടിയിറങ്ങി
അണ വെള്ളപ്പാച്ചിലുമായി
കുറവൻ മല മുങ്ങാറായേ
ചെറുതോണിപ്പാലമിടിഞ്ഞേ
ഒഴുകുന്നോരരുവിയതെല്ലാം
വഴി തെറ്റിയലഞ്ഞൊരു കാലം
പൊരിയാറും പമ്പാനദിയും
ഒഴുകാനൊരു പുതുവഴി തേടി

# ഓർമ്മപ്പെടുത്തൽ

കടലോളം നീണ്ട വഴികളിലെല്ലാം
കരമാറി ജലമിന്നെരാജലായ്
കലിത്തുള്ളും മഴവെള്ളത്തിൽ
അലറും പുഴ നാടുനിറഞ്ഞോ
അംബരചുംബികൾ നാണിച്ചെന്റെ
പാദത്തിൽ തൊട്ടു കിടന്നേ
മതിമറന്നു നീ ചെയ്യതൊക്കെയും
മുതുകിൽ ഞാൻ വച്ചുതരുന്നേ
ഓർമ്മിപ്പിച്ചിടാം ചെയ്യതൊക്കെയും
കൂട്ടമായി ഒന്നു വിലപിച്ചുകൊള്ളുവാൻ
മതമില്ല, പ്രസ്ഥാനമില്ല ആണില്ല പെണ്ണില്ല
വിലാപം പങ്കിടാൻ...
അന്നതിനൊരുനേരം വാതുറക്കാൻ
റേഷൻ കാർഡിന്റെ കളറുമില്ല
മഴമാറി വിലാപം മാറി
മാറേണ്ടതൊന്നും മാറിയില്ല
മാറ്റണം മാറേണ്ട ചിന്തകളൊക്കെയും
ചെയ്തിടാം ഇന്നോളം ചെയ്യാത്തതൊക്കെയും
കൊന്തയും കുറിയും തഴമ്പുമല്ല
മാനവരെന്നൊരു ബോധമാവാം

**-ആദിത്യ കെ എ**



# നവമാധ്യമങ്ങൾ ഇന്നത്തെ സമൂഹത്തിൽ

നവമാധ്യമങ്ങളുടെ ഉപയോഗം വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. മാധ്യമങ്ങൾ നല്ലതാണ്, അതോടൊപ്പം അപകടകാരികളുമാണ്. അതിന്റെ അമിതമായ ഉപയോഗം നമ്മളെ അപകടത്തിലേയ്ക്ക് തള്ളിവിടും. പ്രധാനമായും ഇന്നത്തെ സമൂഹത്തിൽ ഒരു വിപത്തായി മാറിക്കൊണ്ടിരിക്കുന്ന മാധ്യമമാണ് മൊബൈൽഫോൺ.

മൊബൈൽഫോണിന്റെ അമിതമായ ഉപയോഗവും നിയന്ത്രണമില്ലാത്ത പ്രവർത്തനങ്ങളും മൂലം അതിന്റെ ഗുണങ്ങളേക്കാൾ ദോഷങ്ങൾ വർദ്ധിച്ചുവരുന്നു. പ്രായഭേദവ്യത്യാസമില്ലാതെ എല്ലാവരും അതിന്റെ അടിമയായിക്കൊണ്ടിരിക്കുന്നു. കൊച്ചുകുട്ടികൾ മുതൽ പ്രായമായവർപോലും ഈ മാധ്യമത്തിന്റെ വലയിലാണ്.

ഇതിന്റെ അമിതമായ ഉപയോഗം ശാരീരിക പ്രശ്നങ്ങൾക്കും കാരണമാവും. കണ്ണിന്റെ കാഴ്ചകുറയുന്നതിനും, തലവേദന, കണ്ണിനുവീക്കം മുതലായ രോഗങ്ങൾ നമ്മെ തേടിയെത്തും കുട്ടികൾക്ക് നവമാധ്യമങ്ങൾ

**അമിതമായി ഉപയോഗിക്കാനുള്ള സാഹചര്യങ്ങൾ മാതാപിതാക്കൾ കൊടുക്കാതിരിക്കുക.**

**ഇന്നത്തെ പൗരന്മാരാണ് നാളത്തെ നേതാക്കന്മാർ എന്ന കാര്യം നാം ഓർമിക്കണം. ഇന്നത്തെയുവതലമുറ മാധ്യമങ്ങളുടെയും മയക്കുമരുന്നിന്റേയും അമിത ഉപയോഗം മൂലം നശിച്ചുകൊണ്ടിരിക്കുന്നു. ഇതുമൂലം നമുക്ക് ആരോഗ്യവും ബുദ്ധിമാന്മാരുമായ നേതാക്കന്മാരെയാണ് നഷ്ടമായികൊണ്ടിരിക്കുന്നത്.**

**ഇതിൽ നിന്നു ഇന്നത്തെ യുവസമൂഹത്തെ മോചിപ്പിക്കാൻ നമുക്കുമാത്രമേ സാധിക്കൂ. അവർക്ക് ബോധവത്കരണക്ലാസ്സുകൾ കൊടുക്കാനും. ഇതിന്റെ ദൂഷ്യഫലങ്ങളെ പറ്റി ബോധവാന്മാരാക്കുകയുംവേണം. എങ്കിൽ മാത്രമേ നല്ല ആരോഗ്യമുള്ള നല്ല സ്വഭാവമുള്ള ഒരു പുതലമുറയെ വാർത്തെടുക്കാൻ സാധിക്കൂ. അതിനായി നമുക്ക് പരിശ്രമിക്കാം.**



\- ബിൽബി ജോർജജ്

# ഗൗരിയുടെ വിശേഷങ്ങൾ

ശ്രീനിപുരം എന്ന ഗ്രാമം. നന്മകളാൽ സമ്പൽസമൃദ്ധമാണല്ലോ ഗ്രാമങ്ങൾ , അത്തരത്തിലുള്ള ഒരു കൊച്ചു ഗ്രാമമായിരുന്നു ശ്രീനിപുരവും . ആ ഗ്രാമത്തിന്റെ പ്രത്യേകകകളിൽ ഒന്നായിരുന്നു അവിടത്തെ പ്രകൃതിദൃശ്യങ്ങൾ . ആ നാടിന്റെ അഭിമാനമായിരുന്നു അവരുടെ പുഴ .ആ ഗ്രാമവാസികൾ സ്നേഹത്തോടെ അവളെ ഗൗരി എന്ന പേര് വിളിച്ചു . ചിരിച്ചും കളിച്ചും അവൾ അങ്ങനെ ഒഴുകികൊണ്ടിരുന്നു. പാറക്കെട്ടുകളിലൂടെ ചിന്നിചിതറി അൽപ്പമൊക്കെ ക്ഷിണിച്ചുണ്ടവൾ.

അങ്ങനെയിരിക്കെ അവളും ഗ്രാമവാസികളും പ്രതീക്ഷികാതെ ഒരു അഥിതി അവളുടെ ജിവിതത്തിലെക്ക് കടന്നു വന്നു.അതോടെ കല്പത്തിന്റെ വിത്തുകൾ മുളച്ചു .ഗൗരിയുടെ സൗന്ദര്യം ആസ്വദിക്കാൻ ലോകത്തിന്റെ നാനാഭാഗത്തുനിന്നും അനേകർ എത്തിച്ചേർന്നു. അവരിൽ ഒരു കൂട്ടരാണ്

പ്ലാസ്റ്റിക്ക് എന്ന മഹാവില്ലനെ സുപരിചിതനാക്കിയത്. നാട്ടും നാട്ടാരും പ്ലാസ്റ്റിക്കിനെ സ്വീകരിച്ചു. അരങ്ങിലും അടുക്കളയിലും പ്ലാസ്റ്റിക്ക് ഒരു നായകനായി തുടർന്നു. വർദ്ധിച്ചുവരുന്ന ജനസംഖ്യയോടൊപ്പം പ്ലാസ്റ്റിക്കിന്റെ എണ്ണവും വർദ്ധിച്ചു. പതുക്കെ പതുക്കെ പ്ലാസ്റ്റിക്കിനെ ഗൗരി നദിയിലേക്ക് നിക്ഷേപിക്കാൻ തുടങ്ങി. നായകൻ വില്ലനായി മാറി. ഇതായിരുന്നു ഗൗരിനദിയുടെ നാശത്തിനു തുടക്കം. ആദ്യമൊക്കെ ഒരു ചെറു പുഞ്ചിരിയോടെ അവൾ തള്ളിക്കളഞ്ഞെങ്കിലും പിന്നീന് അവളുടെ തന്നെ നാശത്തിന് കാരണമായി . പ്ലാസ്റ്റിക് എന്ന വില്ലനെ തുടച്ചുമാറ്റിയാലേ ഗൗരിയെപ്പോലുള്ള നദികളെ നമുക്ക് രക്ഷിക്കാനാവൂ.

\- ആഷ്ന മോൾ .പി.ച്ച്

# ധാന്യ ക്വിസ്

1.ഗോതമ്പുമണികൾ എന്ന കവിത രചിച്ചതാര്?

-ഒ. എൻ വി. കുറുപ്പ്

2.ഹരിതവിപ്ലവം ഏതു ധാന്യത്തെ കേന്ദ്രീകരിച്ചായിരുന്നു?

-ഗോതമ്പ്

3.'ഇന്ത്യയുടെ നെല്ലറ' എന്നറിയപ്പെടുന്ന സംസ്ഥാനം?

-ആന്ധ്രാപ്രദേശ്

4.ക്ഷേത്രങ്ങളിൽ ഉത്സവകാലത്ത് നടത്തുന്ന,ധാന്യവുമായി ബന്ധപ്പെട്ട ചടങ്ങ്?

-മുളപൂജ

5.താഴികക്കുടങ്ങളിൽ നിറയ്ക്കാനുപയോഗിക്കുന്ന നെല്ലിനം?

-വര

6.ഫലരൂപീകരണം നടക്കാത്ത ധാന്യത്തിന് പറയുന്ന പേര് ?

-പതിര്

7.മാംസ്യം കൂടുതൽ അടിങ്ങിയ ധാന്യം?

-ഗോതമ്പ്

8.കേരളത്തിൽ നെല്ലിന്റെ ജന്മദിനമായി ആചരിക്കുന്ന ദിവസം?

-കന്നിമാസത്തിലെ മകം

**9.നെൽകൃഷിയും വയൽ നിയമങ്ങളുമൊക്കെ വിവരിക്കുന്ന തകഴിയുടെ നോവൽ?**

**-രണ്ടിടങ്ങഴി**

**10.ലോകത്തിലേറ്റവുമധികം കൃഷിചെയ്യുന്ന ധാന്യ?**

**-ഗോതമ്പ്**

**11.സംസ്കൃതത്തിൽ 'തന്ധുല 'എന്നു പേരുള്ള ധാന്യം?**

**-നെല്ല്**

**12.'ഇന്ത്യൻ കോൺ 'എന്നറിയപ്പെടുന്ന ധാന്യം?**

**-മക്കച്ചോള്ളം**

**13.നെല്ലുൽപാദനത്തിൽ ഒന്നാം സ്ഥാനത്തുള്ള രാജ്യം?**

**-ചൈന**

**14. ഇന്ത്യയുടെ ധാന്യപ്പുര എന്നറിയപ്പെടുന്ന സംസ്ഥാനം?**

**-പഞ്ചാബ്**

**15.കൊളസട്രോൾ കുറക്കാനുപയോഗിക്കുന്ന ധാന്യം?**

**-ഓട്സ്**

-മാളവിക വി. എസ്

# എന്റെ നാട് കേരളം

എന്റെ നാടാണ് കേരളം.
പ്രകൃതിസുന്ദരമായെങ്ങും
പച്ചപ്പിൻ നിറമാലയാകും
നാടാണെന്റെ കേരളം.
മടിയാതെ കേരളത്തിൻ
മഹിമപറയും കേരളീയർ
മഹിമകേൾക്കാൻ ലോകമാകെ
ചെവിയോർത്തുകാത്തിരിപ്പൂ.
എന്റെ നാടാണെന്നതിനാൽ
മഹിമപറയുകയല്ല ഞാൻ.
ദൈവം തൻ സ്വന്തം നാടാ-
ണെന്റെ സ്വന്തം കേരളം.
കൈത്തോടുകൾ വയലുകൾ കൊണ്ട്
ഭംഗിയാർന്നൊരു കേരളം.
പരവതാനിവിരിച്ച മലകൾ
പ്രകൃതിസുന്ദരമായൊരു കേരളം
പ്രകൃതിസുന്ദരമായൊരു കേരളം
ഇന്നുമെത്ര സുന്ദരം.
കേരളമാണെന്റെ മണ്ണ്
കേരളമാണെന്റെ നാട്.




- സാന്ദ്ര റ്റി സുനിൽ

# കേരളത്തിന്റ കലകൾ

## മോഹിനിയാട്ടം



*കേരളിയനൃത്തരൂപമായ മോഹിനിയാട്ടം മുൻ പുതനെയുള്ള കലയാണ് സ്വാതിത്തിരുനാളിന്റെ കാലം തൊട്ടാണ് കേരളത്തിന്റെ തനതു കലയായി മോഹിനിയാട്ടം വളർന്നത്. തമിഴ്നാട്ടിലെ ദാസിയാട്ടം കേരളത്തിലേയ്ക്ക് കടന്നു എന്നും ക്രമേണ അത് മോഹിനിയാട്ടമായി പരിണമിച്ചെന്നും ചിലർ കരുതുന്നു. തഞ്ചാവൂരിൽ നിന്നും എത്തിയ പൊന്നയ്യ,വടിവേലു,ചിന്നയ്യ, എന്നിവർ സ്വാതി തിരുന്നാളിന്റെ*

നിർദ്ദേശപ്രകാരം ഈ നൃത്തം പരിഷ്കരിച്ച് അവതരിപ്പിക്കാൻ തുടങ്ങി. സ്ത്രീകളാണ് മോഹിനിയാട്ടം അവതരിപ്പിക്കാൻ തുടങ്ങിയത്. ശബ്ദം,വർണം, പദം, തില്ലാന ,ജാവോളി,ശ്ലോകം എന്നിങ്ങനെ ക്രമപ്പെടുത്തിയാണ് ആടുന്നത്. പശ്ചാത്തല സംഗീതമായി വായ്പ്പാട്ട്, മദ്ദളം, കുഴിതാളം എന്നിവയായിരുന്നു ഉണ്ടായിരുന്നത്. ചിന്നമ്മു അമ്മ , കല്ലാംണികുട്ടി, സത്യഭാമ എന്നീ കലാമണ്ഡല പ്രവർത്തകരുടെ ശ്രമഫലമായാണ് മോഹിനിയാട്ടം നഷ്ടപ്പെട്ട ഉണർവ്വ് വീണ്ടെടുത്തത്.

# കഥകളി



കേരളിയരുടെ നാട്യകലാവിശേഷങ്ങളിൽ പ്രഥമഗണനീയമാണ് കഥകളി . അഭിനയത്തിന്റെ വകഭേദങ്ങളായ നൃത്തം, നാട്യം എന്നിവയും ആംഗികം ,സാത്വികം, ആഹാര്യം എന്നിവയും ഇതിൽ സമഞ്ജസമായി സമ്മേളിക്കുന്നു.

പതിനേഴാംനൂറ്റാണ്ടിലാണ് കഥകളി എന്ന കലാ പ്രസ്ഥാനത്തിന്റെ ആദിമരൂപമായ രാമനാട്ടത്തിന്റെ ഉല്പത്തി. ഇത് ഒരു ഐതീഹ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. കോഴിക്കോട്ട് മാനവേദ സാമൂതിരിയുടെ കൃഷ്ണനാട്ടത്തേക്കുറിച്ച് കേട്ടറിഞ്ഞ്കൊട്ടാരക്കരത്തമ്പുരാൻ

കലാസംഘക്കാരെ ക്ഷണിച്ചു. എന്നാൽ കൃഷ്ണനാട്ടം കണ്ടു രസിക്കാൻ ത്രാണിയുള്ളവർ തെക്കൻ പ്രദേശത്തില്ല എന്ന് പറഞ്ഞ് സാമൂതിരി ആ അപേക്ഷ നിരസിച്ചു. അതിൽ കോപിഷ്ഠനായ കൊട്ടാരക്കരത്തമ്പുരാൻ കൃഷ്ണനാട്ടത്തിന് പകരം മറ്റൊരു കഥ – രാമായണ കഥ- അഭിനയിക്കത്തക്കവിധം രൂപപ്പെടുത്തി. അത് കാല ക്രമത്തിൽ പല രൂപ പരിണാമങ്ങൾക്കും വിപുലീകരണത്തിനും വിധേയമായി ഇന്നത്തെ കഥകളിയായ് തീർന്നു.

# തെയ്യം

വടക്കൻ മലബാർ പ്രദേശങ്ങളിൽ പ്രാചരിച്ചിട്ടുള്ള അനുഷ്ഠാനകലാരൂപമാണ് തെയ്യം. വണ്ണാൻ, അഞ്ഞൂറ്റാൻ , മൂന്നാറ്റാൻ, മലയൻ മുതലായ വിഭാഗക്കാരാണ് 'തെയ്യം' കെട്ടി ആടാറുള്ളത്. പുലയാർ, കുട്ടിച്ചാത്തൻ, കരിംക്കുട്ടിച്ചാത്തൻ, മുത്തപ്പൻ, മണപ്പൻ, കുച്ചിവീരൻ, ചാമുണ്ഡി എന്നിവരുടെ കോലംകെട്ടി തെയ്യം കളിക്കുന്നു. തെയ്യ (ദൈവം) ങ്ങളെ ആരാധിച്ചു കൊണ്ടാണ് സാധാരണ നൃത്തം ആരംഭിക്കുന്നത്. ഓരോ തെയ്യത്തിന്റെയും വീരശൂരപരാക്രമങ്ങളാണ് ഗാനങ്ങളുടെ ഇതിവൃത്തം.തെയ്യത്തിന് ആലപിക്കാറുള്ള ഗാനങ്ങളെ തോറ്റംപാട്ടുകൾ എന്ന് വിളിക്കുന്നു, സംഭാഷണരീതിയിലാണ് ഇതിന്റെ രചന.

മൂന്ന് ഭാഗങ്ങളായിട്ടാണ് തെയ്യം സംഘടിപ്പിക്കുന്നത്.സാധരണമായി 15 മിനിറ്റ് മുതൽ 12 മണിക ... ൃം ഉള്ളവയായിരിക്കും.



shutterstock.com • 1408700582

# ഓട്ടം തുള്ളൽ



തുള്ളൽ
പ്രസ്ഥാനത്തിന്റെ
ഉപജ്ഞാതാവായി
കണക്കാക്കപ്പെടുന്നത്
കുഞ്ചൻ
നമ്പ്യാരേയാണ്
പതിനെട്ടാം നൂറ്റാണ്ടിൽ അമ്പലപ്പുഴ
ക്ഷേത്രത്തിൽ
ചാക്യാരുടെ കൂത്തിന് മിഴാവ് കൊട്ടിയിരുന്ന
നമ്പ്യാർ ഉറക്കം തൂങ്ങിയപ്പോൾ ചാക്യാർ
സദസ്സിൽ വച്ച് അദ്ദേഹത്തെ പരിഹസിച്ചു
അതിനു പകരം വീട്ടാനായി ആദ്യമായി കുഞ്ചൻ
നമ്പ്യാർ കല്യാണ സൗഗന്ധികം ഓട്ടം തുള്ളൽ

*അവതരിപ്പിച്ചു. അങ്ങനെ അത് കേരളത്തിൽ പ്രചരിച്ചു തുടങ്ങി. അങ്ങനെ ഉത്സവങ്ങളിൽ കേരളത്തിൽ പ്രചരിച്ചു .*



**ബിൽബി ജോർജ്ജ്**

# Because  I am a Girl ,only a Girl

As a bird. I love to fly
But an a girl, I had to try
Because I’m a girl, only a girl



I don’t no why
that the world is shy
as it didn’t allow me to fly
Because I’m a girl, only a girl

I love to swim like a fish
I love to shine like a star
But it’s the reality that I could not
Because I’m a girl , only a girl

Why there is always ‘NO’
As we ware any more a man
We always had a limit
for all the dreams in our life
We lived to express our joy and sorrow
But the world around didn’t allow
Because l am a girl,only a girl

As all of as know
But the women are all
But  they are some words
with only some sound

**I don’t know why**
**That the girl were always wrong**
**as if they done all the jobs**

**All the men know**
**that without a women**
**neither a world nor the men**
**Because  I’m a human not only a girl.**

-Ayshathul Hafeefa

# Don’t Change The World

Once upon a time, there was a king who ruled a prosperous country. One day, he went for a trip to some distant areas of his country. When he was back to his palace, he complained that his feet were very painful, because it was the first time that he went through was very rough and stony. He then ordered his people to cover every road of the entire country with leather. Definitely, this would cost a huge amount of money. Then one of his wise servants dared himself to tell the king “Why don’t you have to spend that unnecessary amount of money? Why don’t you just cut a little piece of leather to cover your feet?”



The king was surprised, but he later agreed to his suggestion, to make a “shoe” for himself.

There is actually a valuable lesson of life in this story: to make this world a happy place to

**live, you later change yourself-your heart; and not the world.**

**Elsa Maria Soni**

# IN THE AIR OF FREEDOM

**Who don't likes to be free....**
**free to talk, free to play, free travel**
**who don't needs freedom...**
**freedom to take, freedom to laugh, freedom to think**

**the power of freedom**
**Is within the hands of us...**
**It is we who make use of freedom,**
**And don't be a slave, a useless slave.**

**For a brave, courageous one**
**slavery is as tough as death...**
**And for a brave less one**
**slavery is just a shelter for them...**

**Rose and soar high in the air of freedom**
**freedom, it's not just a word**
**It's full of hope, opportunities, new strengths...**
**And it's a word with a different meanings...**

**Everybody will be same**
**In the land of freedom**
**No caste, no creed**
**no colour, no gender**
**And everything will be in harmony**

**Freedom gives us new possibilities**
**of flying high...**
**Touching the stars, the stars of desire**
**Freedom gives us the strength,**
**The strength to complete "A Herculean Task"**

-Ann Maria Joseph






# FREEDOM

I saw a star glowing
like a sun
It's brightness filled me
with happiness
I stared at it
like an artist
who admires his work

I ask it it's name
It said that 'people call me freedom'
I am the most wanted
you can't touch me
but can feel me

I am giving beauty to the universe
I am very valuable and precious
like a diamond
you won't understand my value
till you lost me
When I am lost
you are a wandering ghost
who is in a worst
condition that no one can rescue

When someone attains me
He will be the happiest in the world
I am not ready to accept
everyone's condition
But those who search me

**will find me**
**Enjoy my beauty**
**and rejoices himself**
**in delight**
**Every fight in this world**
**is for me**
**I am a part**
**of every war, peace and love**

**I am the fair**
**I am the truth**
**I am the justice**
**Nobody loves my absence**
**Even though I am valuable**
**No one can attain me**
**with wealth.**

**I am an emotion**
**in people**
**people dies in lack**
**of me**
**I tried to catch the**
**star; but it moves**
**away from me**
**At the end, it**
**tells, ‘move on, move on**
**Please don’t stop your work!**

**By:**
**Nikhitha Rajeev**

# Mother nature

**Nature is a universe**
**it's love spread all over**
**we can't smell**
**but we can feel it**
**nature is a pleasure**
**by the goddess**
**something was new in it**
**sometime it refresh**
**it delight our mind**
**nature is the most valuable**
**symbol of courage**
**it encourage to overcome**
**the whole difficulties.**

- Anjaly p.j



# പ്രിയ കൂട്ടുകാരെ,

നമ്മുടെ സ്കൂളിലെ കുറേ കൂട്ടുകാരുടെ കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് ഇപ്പോൾ രണ്ടാം കൊല്ലത്തിലൂടെ കടന്നുപോവുകയാണ്. ഞങ്ങളുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുടുംബത്തിലെ രണ്ടാമത്തെ ഡിജിറ്റൽ മാഗസീനാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്.ഈ മാഗസിൻ തയാറാക്കുന്ന പ്രവർത്തനങ്ങൾ തുടങ്ങിയതുമുതൽ ഇന്നുവരെ കുറേയധികം കൂട്ടുകാരുടെ , ടീച്ചേഴ്സിന്റെ അകമഴിഞ്ഞ സഹായം ലഭിക്കുകയുണ്ടായി. അതുകൊണ്ട് തന്നെയാണ് ഇത്ര മനോഹരമായി ഇത് തയാറാക്കുവാൻ ലിറ്റിൽ കൈറ്റ്സിന് സാധിച്ചത്. ഈ വിജയത്തെ ഒരു കൂട്ടായ്മയുടെ വിജയമെന്ന് പറയുവാൻ തന്നെ ഞാൻ ആഗ്രഹിക്കുകയാണ്. ഇതിൽ പങ്കാളികളായ എല്ലാവർക്കും നന്ദി അർപ്പിച്ചുകൊണ്ട്...........

സബ് എഡിറ്റർ

ഗ്രേസ്ബി റാണി